


FEBRUARY 2011

VOL. 37 No. 2

# ഉള്ളടക്കം

ഇടയലേഖനം............................................ 03

Bishop's Engagement............................... 09

From the Bishop's Office......................... 10

നിത്യാരാധനാ കപ്പേള................................. 12

വിശ്വാസപരിശീലനവേദി.............................. 13

ബൈബിൾ അപ്പോസ്തലേറ്റ്.......................... 18

തിരുബാലസഖ്യം......................................... 18

ഫാമിലി അപ്പോസ്തലേറ്റ്............................... 20

കെ.സി.വൈ.എം....................................... 20

മാതൃസംഘം.............................................. 22

സീനായ് ധ്യാനകേന്ദ്രം................................ 23

സെഹിയോൻ ധ്യാനകേന്ദ്രം........................ 24

ചെറുപുഷ്പ മിഷൻ ലീഗ്............................. 25

പി. എസ്. എസ്. പി.................................... 25

നവീകരണമുന്നേറ്റം.................................... 27

From the Bishop's Diary............................. 27

24/2011
28-01-2011

# ഇടയലേഖനം-108

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ഫെബ്രുവരി 13 ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണ്. കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയെ ലക്ഷ്യംവച്ച് പ്രവർത്തിക്കുന്നതും ആഗോള കത്തോലിക്കാസഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ സംഘടനയാണ് തിരുബാലസഖ്യം. ഈ സഖ്യത്തിൽ ചേർന്ന് പ്രവർത്തിക്കുന്നതുവഴി ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾക്ക് സാർവത്രികസഭയുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ചും സഹായിച്ചും സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞും കാത്തുസൂക്ഷിച്ചും ജീവിക്കുന്ന മിഷനറിമാരാകാൻ പ്രചോദനം ലഭിക്കുന്നുണ്ട്. കുഞ്ഞുങ്ങളെക്കുറിച്ചും അവരുടെ വളർച്ചയിൽ നാം വഹിക്കേണ്ട പങ്കിനെക്കുറിച്ചും വിലയിരുത്തുവാൻ കൂടി ഈ അവസരം പ്രയോജനപ്പെടുത്തണം.

ഈ അടുത്ത നാളുകളിൽ ക്രിസ്തീയ പ്രസിദ്ധീകണങ്ങളിൽ കുട്ടികളെക്കുറിച്ചുള്ള ലേഖനങ്ങൾ ഞാൻ വായിക്കുകയുണ്ടായി. അവയിലും അവയെപ്പറ്റിയുള്ള പ്രതികരണങ്ങളിലും പ്രകടിപ്പിക്കപ്പെട്ട അഭിപ്രായം കുട്ടികളിൽ പലരും വഴിതെറ്റിപ്പോകുന്നു, സഭയിൽ നിന്ന് അകന്നുപോകുന്നു എന്നതായിരുന്നു. ദൈവഭയം കുറഞ്ഞുവരുന്ന ഒരു തലമുറയാണ് ഇന്ന് വളർന്നുവരുന്നത്. അവർക്ക് നന്മതിന്മകളെക്കുറിച്ച് ബോധ്യമില്ലാതെ പോകുന്നു. ചെറുപ്രായത്തിൽ തന്നെ പല കുട്ടികളും





നിരവധി തിന്മകൾക്ക് അടിമപ്പെടുന്നു. നല്ലൊരു ശതമാനം കുട്ടികൾ വിശ്വാസജീവിതശൈലിയിൽ നിന്ന് അകലുന്നു. ആത്മീയ ആചാരങ്ങളിൽ വെറും ചടങ്ങിനുമാത്രം, പലപ്പോഴും നിർബന്ധത്തിന് വഴങ്ങിയാണ് പല കുട്ടികളും പങ്കെടുക്കുന്നത്. തിന്മയുടെ ആധുനികപ്രവണതകളോട് മത്സരിച്ചു നിൽക്കുവാനോ സ്വയം വിശുദ്ധി കാത്തുസൂക്ഷിക്കുവാനോ പലർക്കും കഴിയുന്നില്ല. അവരുടെ കുഞ്ഞു മനസ്സുകളെ ലഹരിപിടിപ്പിക്കുന്ന മാധ്യമപരസ്യങ്ങളാൽ അവർ സ്വാധീനിക്കപ്പെടുന്നു. മുമ്പൊക്കെ കുട്ടികൾ വീടിനുവെളിയിൽവച്ചാണ് ചീത്ത സാഹചര്യങ്ങളെ പരിചയപ്പെട്ടിരുന്നതെങ്കിൽ ഇന്ന് അതിനെല്ലാമുള്ള അവസരങ്ങൾ മാധ്യമങ്ങളിലൂടെ വീട്ടിൽവച്ചുതന്നെ അവർക്ക് ലഭിക്കുകയാണ്. പലരും ടിവി, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ ദുരുപയോഗിക്കുകയും തെറ്റായ ബോധ്യങ്ങളും ജീവിതശൈലികളും സ്വന്തമാക്കുകയും ചെയ്യുന്നു. മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ലഹരികൾക്കടിമപ്പെടുന്നവരുടെയും ലൈംഗിക ചൂഷണത്തിന് ഇരയാകുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്നു.

ഇന്നത്തെ വിദ്യാഭ്യാസമേഖലയാവട്ടെ നമ്മുടെ കുഞ്ഞുങ്ങൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാകുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിറഞ്ഞതാണ്. വിവിധ രാഷ്ട്രീയ പാർട്ടികൾ തങ്ങൾക്കുവേണ്ടി അണികളെ വാർത്തെടുക്കുവാൻ കുഞ്ഞുങ്ങളിലേക്കുപോലും ഇറങ്ങിവരുന്നു. സഭയെയും സഭാധികാരികളെയും സന്യാസപൗരോഹിത്യങ്ങളെയും അവഹേളനാപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറക്കുവാനുള്ള ആസൂത്രിത ശ്രമങ്ങളും നടക്കുന്നുണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമ സംസ്ക്കാരവും കുട്ടികളുടെ സ്വാഭാവരൂപീകരണത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്.

ഈ വിഷമഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ശരിയായ മൂല്യബോധവും പരിശീലനവും നൽകിയില്ലെങ്കിൽ വിശ്വാസത്തിന്റെ തലത്തിൽ മറ്റുചില രാജ്യങ്ങളിലേതിനെക്കാൾ മോശമായ അവസ്ഥ ഇവിടെയുമുണ്ടാകും. അതുകൊണ്ട് കുട്ടികളുടെ സ്വഭാവരൂപീകരണ



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

ത്തിൽ നാം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അവരെ നന്മനിറഞ്ഞവരും ഉത്തമപൗരന്മാരുമായി വളർത്തുവാനുള്ള ഏറ്റം വലിയ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണല്ലോ. "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻമൂലം നന്മയുണ്ടാകും; സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും" (പ്രഭാ. 30:2). സ്നാപന യോഹന്നാന്റെ ജനനത്തെക്കുറിച്ച് അറിയിപ്പുനൽകിക്കൊണ്ട് ദൈവ ദൂതൻ സക്കറിയായോട് പറഞ്ഞത് ആ ശിശുവഴി "നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. വളരെപ്പേർ അവന്റെ ജനനത്തിൽ ആഹ്ലാദിക്കുകയും ചെയ്യും. കാരണം, കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും" എന്നാണല്ലോ (ലൂക്ക 1 :14-15). കുട്ടികൾ കർത്താവിന്റെ സന്നിധിയിൽ വലിയവരാകണം. അവിടുത്തേക്ക് പ്രിയപ്പെട്ടവരാകണം. എന്നാൽമാത്രമെ അവർമൂലം മാതാപിതാക്കൾക്കും മറ്റുള്ളവർക്കും ആനന്ദവും സന്തുഷ്ടിയും ഉണ്ടാകൂ.

ശിശുക്കളുടെ മാമ്മോദീസ അവർ ജനിച്ച് ഏതാനും ദിവസങ്ങൾ കഴിഞ്ഞ് നടത്തിയിരുന്ന പതിവുമാറി ഏതാനും ആഴ്ചകൾ കഴിഞ്ഞിട്ടാണ് ഇപ്പോൾ നടത്തുന്നത്. അതുകൊണ്ട് അവരുടെ മാതാപിതാക്കൾക്കുകൂടി മാമ്മോദീസായിൽ പങ്കെടുക്കുവാൻ ഇപ്പോൾ സാധിക്കുന്നുണ്ട്. ദൈവം ദാനമായി നൽകിയ ശിശുവിനെ, പരിശുദ്ധ മറിയവും യൗസേപ്പിതാവും ചെയ്തതുപോലെ, ദൈവത്തിന് സമർപ്പിക്കുവാൻ ആ അവസരം അവർ പ്രയോജനപ്പെടുത്തണം. മാമ്മോദീസാവഴി ശിശുവിനെ ദൈവമകനാക്കി/മകളാക്കി മാതാപിതാക്കൾക്ക് തിരികെ നൽകുകയാണ്. ശിശുക്കളെ ദൈവമക്കളായി വളർത്തുന്ന ഉത്തരവാദിത്വം മാതാപിതാക്കൾ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുമ്പോഴാണ് അവർ കുട്ടികളുടെ യഥാർത്ഥ രക്ഷകർത്താക്കൾ ആകുന്നത്. അതായത്, മക്കളുടെ രക്ഷക്കുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികാളായിത്തീരുന്നത്.

"ഇന്നത്തെ മാതാപിതാക്കളും ആനിമേറ്റേഴ്സും കിളിയെമറന്ന് കിളിക്കൂടിനെ ശ്രദ്ധിക്കുന്നവരായിരിക്കുന്നു. കിളിക്കൂടിനെക്കുറിച്ചുള്ള അമിത ശ്രദ്ധക്കിടയിൽ കിളി നഷ്ടപ്പെട്ടകാര്യം അറിയുന്നില്ല" എന്ന് സഭാസ്നേഹിയും മാതൃകാ കുടുംബനാഥനുമായ ഒരു ചീഫ്





ജസ്റ്റിസ് അടുത്തകാലത്ത് പറയുകയുണ്ടായി. ഭൗതികതയുടെ പിന്നാലെ പരക്കം പായുന്ന ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ വാക്കുകൾ തികഞ്ഞ ഗൗരവത്തോടെ നാം കണക്കിലെടുക്കണം. എങ്ങനെയെങ്കിലും കുട്ടികളെ പഠിപ്പിക്കുക, വിദേശത്ത് അവർക്കുവേണ്ടി ജോലി കണ്ടുപിടിക്കുക, പണമുണ്ടാക്കുക എന്നിവയാണ് പലരുടെയും ലക്ഷ്യം. കുട്ടികൾക്ക് ജന്മം നൽകുകയും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുകയും ചെയ്യുന്നതോടൊപ്പം അവരെ ദൈവസ്നേഹത്തിൽ വളർത്തുകയും നല്ല മൂല്യങ്ങൾ പഠിപ്പിക്കുകയും വേണം. അല്ലെങ്കിൽ അവരെയോർത്ത് മാതാപിതാക്കൾ പിന്നീട് ദുഃഖിക്കേണ്ടിവരും.

കുഞ്ഞുങ്ങൾക്ക് നല്ല കാര്യങ്ങൾ ചെയ്തുകൊടുക്കണം. എന്നാൽ ഈശോയെ അവർക്ക് നൽകുന്നില്ലെങ്കിൽ മറ്റെന്തു നൽകിയാലും അതുകൊണ്ടുകാര്യമില്ല. "നിങ്ങളിൽ ക്രിസ്തു രൂപപ്പെടുന്നതുവരെ ഞാൻ ഈറ്റുനോവ് അനുഭവിക്കുന്നു" എന്ന് വി. പൗലോസ് നൊമ്പരപ്പെട്ടു. നമ്മുടെ കുഞ്ഞുങ്ങളിൽ ക്രിസ്തു രൂപപ്പെടണം, അതിനുവേണ്ടി എന്തുത്യാഗവും അനുഷ്ഠിക്കാൻ നാം തയ്യാറാകണം. നമ്മുടെ തന്നെ ജീവിതമാതൃകയാണ് ഇക്കാര്യത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നത്. "ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു" (യോഹ. 12:21). യേശുവിനെ അന്വേഷിച്ച ഗ്രീക്കുകാർ പീലിപ്പോസിനോട് പറഞ്ഞതാണിത്. ഇതുതന്നെയല്ലേ നമ്മുടെ കുട്ടികൾ ആഗ്രഹിക്കുന്നത്, ആഗ്രഹിക്കേണ്ടത്. അവരെ യേശുവിലേക്ക് ആനയിക്കുന്നതിനല്ലേ നമ്മൾ ഏറ്റമധികം പ്രാധാന്യം കല്പിക്കേണ്ടത്. ക്രിസ്തുവിനെ അവന്റെ നിറവോടും പ്രാഭവത്തോടും കുഞ്ഞുങ്ങൾക്ക് കൈമാറാൻ നമുക്ക് കഴിഞ്ഞാൽ ഈ കാലഘട്ടത്തിലും കുഞ്ഞുവിശുദ്ധരുണ്ടാകും.

നമ്മുടെ എത്ര വീടുകളിൽ മുടങ്ങാതെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ വായിക്കപ്പെടുന്നുണ്ട് എന്ന് പരിശോധിക്കണം. ഇത്തരം വായനകൾക്ക് നമ്മുടെ കുട്ടികളിൽ വലിയ പരിവർത്തനം സൃഷ്ടിക്കാൻ കഴിയും. പലകുട്ടികൾക്കും ക്രിസ്തുവിനെ അനുകരിച്ച വിശുദ്ധരുടെ ജീവിതത്തെക്കുറിച്ച് ആരുംതന്നെ പറഞ്ഞുകൊടുക്കാറില്ല.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

ചെറിയകുട്ടിയായിരിക്കുമ്പോൾ തന്നെ വിശുദ്ധരുടെ ജീവിതത്തെക്കുറിച്ചുള്ള അറിവുകൾ ലഭിച്ചാൽ ഒരു വിശുദ്ധനോ വിശുദ്ധയോ ആകാനുള്ള ഉത്കടമായ ആഗ്രഹം അവരിൽ വളരും. ഇതിന് സഹായകമായ പ്രസിദ്ധീകരണങ്ങളും ക്രിസ്തീയ ചാനലുകളും നാം അവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്.

"ഭൂരിപക്ഷം ക്രിസ്ത്യാനികളും വഴിതെറ്റുന്നത് അജ്ഞതമൂലമാണ്" എന്ന് വിശുദ്ധ ജോൺ മരിയ വിയാനി ഒരിക്കൽ പറഞ്ഞു. പലർക്കും സഭയെപ്പറ്റി വേണ്ടത്ര അറിവില്ല. സഭയിലൂടെയാണ് ഈശോയെപ്പറ്റിയുള്ള ശരിയായ അറിവ് നമുക്ക് ലഭിക്കുന്നത്. സഭയെ സ്നേഹിക്കുന്നവർ ഈശോയെ സ്നേഹിക്കും. ഈശോയെ സ്നേഹിക്കുന്നവർ സഭയെയും സ്നേഹിക്കും. അതുപോലെതന്നെ ബൈബിൾ, സഭയുടെ പ്രബോധനങ്ങൾ, പാരമ്പര്യങ്ങൾ ഇവയൊക്കെ നാം ആദ്യം പഠിക്കുകയും മക്കളെ പഠിപ്പിക്കുകയും ചെയ്യണം. ആദ്ധ്യാത്മിക കാര്യങ്ങളിൽ കൃത്യനിഷ്ഠ കല്പിക്കാത്ത കുടുംബങ്ങളുടെ എണ്ണം കൂടി വരികയാണ്. കുടുംബ പ്രാർത്ഥന, ബൈബിൾ വായന, വി. കുർബാനയിൽ പങ്കെടുക്കുക, കുമ്പസാരിക്കുക തുടങ്ങിയവയെല്ലാം ഒരു പതിവെന്ന രീതിയിൽ ചെയ്യേണ്ട കാര്യങ്ങളല്ല. മറ്റു സ്ഥലങ്ങളിലെ കുട്ടികളെ അപേക്ഷിച്ച് കേരളത്തിലെ കുട്ടികൾക്ക് പള്ളി, പള്ളിയോടനുബന്ധിച്ചുള്ള സംഘടനകൾ, മതബോധനം, കുട്ടികൾക്കുവേണ്ടിയുള്ള ധ്യാനങ്ങൾ, സന്ധ്യാപ്രാർത്ഥനകൾ തുടങ്ങി എല്ലാ രീതിയിലും ആത്മീയമായി വളരുവാനും വിശുദ്ധരായി ജീവിക്കുവാനുമുള്ള സാഹചര്യങ്ങളുണ്ട്. ഇവയെല്ലാം അതീവ പ്രാധാന്യത്തോടെ വിനിയോഗിക്കുവാനും നല്ലവരായി ജീവിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കണം.

കുഞ്ഞുങ്ങൾ രാഷ്ട്രത്തിന്റെയും സഭയുടെയും പ്രതീക്ഷയും സമ്പത്തുമാണ്. എന്നാൽ, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾ കുഞ്ഞുങ്ങളുടെ നന്മനിറഞ്ഞ ബാല്യത്തിനും രാഷ്ട്രത്തിന്റെ ഭാവിക്കും ഭീഷണിയുയർത്തുന്നു. മാധ്യമങ്ങളും രാഷ്ട്രീയ പാർട്ടികളും സിനിമകളും സീരിയലുകളും കാർട്ടൂണുകളും കമ്പ്യൂട്ടർ ഗെയിംസുമൊക്കെ നന്മയെ തിന്മയായും തിന്മയെ നന്മയായും പഠിപ്പിക്കുമ്പോൾ അതിനെതിരായി





നാം ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബ ബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. വിദേശ രാജ്യങ്ങളിൽ നടക്കുന്ന അസാന്മാർഗ്ഗിക കാര്യങ്ങൾ അതുപോലെ ഇങ്ങോട്ടും പകർത്തുന്നത് ഭാരതീയ സംസ്ക്കാരത്തിനും ക്രിസ്തീയ മൂല്യങ്ങൾക്കും ചേർന്നതല്ല.

"ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പഠിപ്പിക്കുക, വാർദ്ധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല" എന്ന സുഭാഷിത വചനം നാം മറക്കാതിരിക്കുക (സുഭ. 22:6). നന്മയുടെ ഇളം നാമ്പുകളായ കുഞ്ഞുങ്ങളിൽ തിന്മയുടെ വിഷപ്പുക ഏല്ക്കാതിരിക്കുവാനും വഴിയും സത്യവും ജീവനുമായ യേശുവിനെ അനുഗമിച്ച് ജീവിക്കുവാനും നമ്മുടെ കുട്ടികൾക്ക് ഇടയാകട്ടെ. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്നതാണല്ലോ തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യമുള്ള ഇടവകകളിൽ ഫെബ്രുവരി 13 തിരുബാലസഖ്യദിനമായി അനുയോജ്യമായ പരിപാടികളോടുകൂടി ആചരിക്കണം. തിരുബാലസഖ്യം ഇല്ലാത്ത ഇടവകകളിൽ അത് ആരംഭിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കുഞ്ഞുങ്ങളെ എല്ലാവരെയും ഉണ്ണീശോയ്ക്ക് നമുക്ക് സമർപ്പിക്കാം. ഈശോയെപ്പോലെ അവർ സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **ഫെബ്രുവരി 6-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

# Bishops' Engagements

| | | |
|---|---|---|
| **February** | | |
| 1 | PM | Final Profession, Pulapatta |
| 2 | PM | Kanickamatha HS School, Palakkad |
| 3 | | Inter-Curia Meeting, Trichur |
| 4 | AM | Pastoral Centre |
| | PM | Karanakodam, Ernakulam |
| 6 | | Qurbana, St. Alphonsa Church, Perinthalmanna |
| 7 | | KCBC Meeting, POC, Kochi |
| 8 | | Catechism Commission Meeting, Mount St. Thomas, Kakkanad |
| 9-10 | | Seminary Commission Meeting, Mangalapuzha |
| 10 | PM | School Day, Cherthala |
| 12 | AM | Meeting, Pastoral Centre |
| 13 | | Paduva Rehabilitation Centre, Paruthikad |
| 17-18 | | Junior Priests' Gathering, Pastoral Centre |
| 19 | AM | St. Joseph's Church, Kollengode |
| 20 | | St. Antony's Church, Pombra |
| 23 | PM | St. Thomas ITC, Kanjirapuzha |
| 24 | | Qurbana, A.C.S., Irinjalakuda |
| 25 | | Kottayam |
| 27 | | Qurbana, Alangad |
| | PM | Presbytery Blessing, Yakkara. |
| **March** | | |
| 5 | | Meeting, Pastoral Centre |
| 7 | | Ash Monday, St. Raphael's Cathedral, Palakkad |
| 9 | | Pre-cana, Yuvakshetra, Ezhakkad |
| 12 | | Pastoral Council Meeting |
| 22-23 | | Tri-monthly, Yuvakshetra, Ezhakkad |
| 26 to April 12 | | Ad Limina Visit, Rome |





# From the Bishop's Office

**സ്മരണാഞ്ജലി**

റവ. ഫാ. വർഗ്ഗീസ്. യു. വാഴപ്പിള്ളി - ഫെബ്രുവരി 13

**Junior Priests Training Programme**

ജൂനിയർ പ്രീസ്റ്റ്സ് ട്രെയ്നിംഗ് പ്രോഗ്രാമിന്റെ വിഷയം "Development of Leadership Skills and Parish Management" എന്നാണ്.

പ്രതിപാദിക്കുന്ന കാര്യങ്ങൾ :

1. Managing Myself
2. Managing Others
3. Leadership Development
4. Creativity and innovations.

പാസ്റ്ററൽ സെന്ററിൽ വച്ച് ഫെബ്രുവരി 17-ാം തിയ്യതി രാവിലെ 10 മണിക്ക് ആരംഭിക്കുന്നു. 18-ാം തിയ്യതി വൈകുന്നേരം 5 മണിക്ക് പ്രോഗ്രാം അവസാനിക്കുന്നു. എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരേണ്ടതാണ്.

**ത്രൈമാസ സമ്മേളനം**

ബഹുമാനപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനം മാർച്ച് 22, 23 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ രൂപതാ വൈദികരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പള്ളിയുടെ വാർഷിക തെരട്ട്**

**1.** “ഇൻകം ടാക്സ് റിട്ടേൺ” കൃത്യമായി അയയ്ക്കാനുള്ളതുകൊണ്ട് പള്ളി കണക്കുകൾ യഥാസമയം ഓഡിറ്റിങ്ങ് നടത്തി അരമനയിൽ 2011 ജൂൺ 30-നു മുമ്പെങ്കിലും ഏല്പിക്കേണ്ടതാണ്. ഓഡിറ്റിങ്ങ് ഇവിടെ നടത്തണമെന്നുള്ളവർ 2011 മെയ് 10-നു മുമ്പ് കണക്കുപുസ്തകങ്ങളും ബില്ലുകളും വൗച്ചറുകളും ബാങ്ക് രേഖകളും ഡെപ്പോസിറ്റ് രസീതുകളും എത്തിക്കണം.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

2. പള്ളി തെരട്ട് തയ്യാറാക്കുമ്പോൾ രൂപത തെരട്ടുഫോമിൽ കൊടുത്തതുപോലെ തന്നെ ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ഇന്റേണൽ ഓഡിറ്റിങ്ങിന് ആവശ്യമായ വ്യക്തികളെ ഇടവകയോഗം നേരത്തെ തെരഞ്ഞെടുത്ത് നിയോഗിക്കേണ്ടതാണ്. അവർ ഓഡിറ്റിങ്ങ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ രൂപത നിയമാവലി പേജ് 271 – ൽ കാണുക.

3. തെരട്ട് സമർപ്പിക്കുമ്പോൾ രൂപതകാര്യാലയത്തിൽ നിന്ന് അച്ചടിച്ച ഇന്റേണൽ ഓഡിറ്റിങ്ങ് ഫോമും കൂടി പൂരിപ്പിച്ച് ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. തെരട്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ രൂപത നിയമാവലി പേജ് 272–ൽ വിശദമായി ചേർത്തിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിങ്ങ് കഴിഞ്ഞ കണക്ക് പ്രതിനിധിയോഗത്തിൽ പാസ്സാക്കുകയും തുടർന്ന് C.A ഓഡിറ്റിങ്ങ് നടത്തിയ കണക്ക് വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച് തെരട്ട് പാസ്സാക്കുകയും വേണം.

4. രൂപതയിൽ തെരട്ട് സമർപ്പിക്കുന്ന ക്രമത്തിൽ പള്ളികളുടെയും കൈകാരന്മാരുടെയും പേരുകൾ ബുള്ളറ്റിനിൽ ചേർക്കുന്നതാണ്.

5. പള്ളികളിലെ സംഘടനകളുടെ വാർഷിക കണക്ക് അതാതു സംഘടനകകളുടെ വാർഷിക പൊതുയോഗത്തിൽ വായിച്ചു പാസ്സാക്കുകയും, ഓരോന്നിന്റേയും സംക്ഷിപ്ത രൂപം ഇടവക വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

6. വൈദിക വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി പള്ളികളിൽ മുൻകൂട്ടി അറിയിച്ച് പെസഹാവ്യാഴാഴ്ച പ്രസ്തുത ഫണ്ട് സമാഹരിക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Mar-11 | TUE | Rev. Fr. Kodakasseril Jomis |
| 02-Mar-11 | WED | Rev. Fr. Kolamkanny Justin |
| 03-Mar-11 | THU | Rev.Fr. Kozhipadan Tony |
| 04-Mar-11 | FRI | Rev. Fr. Kunnathettu Joby |
| 05-Mar-11 | SAT | V. Rev. Fr. Kuruthukulngara Peter |
| 08-Mar-11 | TUE | Rev. Fr. Kuttipuzhakaran Sanil |
| 09-Mar-11 | WED | Rev. Fr. Malekudiyil Sherjo |
| 10-Mar-11 | THU | Rev. Fr. Maliekal George |
| 11-Mar-11 | FRI | V. Rev. Fr. Mangalan Sebastian |
| 12-Mar-11 | SAT | Rev. Fr. Maramattom Xavier |
| 14-Mar-11 | MON | Rev. Fr. Mavunkal Jacob |
| 15-Mar-11 | TUE | Rev. Fr. Mechery Anson |
| 16-Mar-11 | WED | Rev. Fr. Murickananickal Santhosh |
| 17-Mar-11 | THU | Rev. Fr. Muringakudiyil Biju |
| 18-Mar-11 | FRI | Rev. Fr. Nalpathamkalam Sumesh |
| 19-Mar-11 | SAT | Rev. Fr. Nedumpurath Antony |
| 21-Mar-11 | MON | Rev. Fr. Njonginiyil Mathew |
| 22-Mar-11 | TUE | Rev. Fr. Olakkengil Viani |
| 23-Mar-11 | WED | Rev. Fr. Ollukaran Vincent |
| 24-Mar-11 | THU | V. Rev. Fr. Palathinkal Abraham |
| 25-Mar-11 | FRI | Rev. Fr. Pallineerakkal Jaimon |
| 26-Mar-11 | SAT | Rev. Fr. Paramby Thomas |
| 28-Mar-11 | MON | Rev.Fr. Parayil Jijo |
| 29-Mar-11 | TUE | Rev. Fr. Perumattil Antony |
| 30-Mar-11 | WED | Rev. Fr. Perumbillil George |
| 31-Mar-11 | THU | V. Rev. Fr. Plathottathil Biju |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

# വിശ്വാസ പരിശീലനം

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ (I-IX ക്ലാസ്സുകൾ)**

I മുതൽ IX വരെയുള്ള ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ വേദ പാഠ പരീക്ഷ ഫെബ്രുവരി 27-ാംതിയ്യതി ഞായറാഴ്ചയായിരിക്കും നടക്കുന്നത്. ജനറൽ ക്വിസ്സിൽ നിന്നും (246 മുതൽ 480 വരെയുള്ള ചോദ്യങ്ങൾ) ലോഗോസ് പഠനഭാഗത്തുനിന്നും (മത്താ 1-14) പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കും. രണ്ടാം സെമസ്റ്റർ പരീക്ഷാ 80 മാർക്കിലായിരിക്കും 20 മാർക്ക് ഇന്റേണൽ ആയിരിക്കും.

**10th, II HDC ക്ലാസുകളിലെ സർട്ടിഫിക്കറ്റും ഉത്തരകടലാസുകളും**

10th,II HDC ക്ലാസുകളിലെ കുട്ടികളുടെ പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ഉത്തരകടലാസുകളും ജനുവരി 31-ാം തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**സൺഡേ സ്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം**

X, II HDC ക്ലസ്സുകളിലെ ഉത്തരകടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഫെബ്രുവരി 13-ാം തിയതി ഞായറാഴ്ച രാവിലെ 9.30 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും II HDC ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും സന്നിഹിതരാകേണ്ടതാണ്. മൂല്യനിർണ്ണയത്തിന് വരുന്നവർക്ക് വേണ്ടി വിശുദ്ധ കുർബാന പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

NB: പഠിപ്പിക്കുന്ന പുസ്തകങ്ങളും കൂടെ കൊണ്ടുവരേണ്ടതാണ്.

**റീ. എക്സാമിനേഷൻ**

X, II,HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **മാർച്ച് 27-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും മാർച്ച് 28-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. 10th, II HDC ക്ലാസുകളിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 6-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. 20-ാം തിയ്യതി 10, 12 ക്ലാസ്സുകൾക്ക് പരീക്ഷ നടക്കുന്നതുകൊണ്ടാണ് 27-ാം തിയ്യതിയിലേക്ക് മാറ്റിയത്.

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് മാർച്ച് 6-ാം തിയതി ഞായറാഴ്ച 10.00am മുതൽ 12.30pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.





**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്ലിസ് | 60 മാർക്ക് |
| ആറ്റുതീരത്തെ വൃക്ഷം | 30 മാർക്ക് |
| സഭാസംബന്ധമായ പൊതു വിജ്ഞാനം | 10 മാർക്ക് |
| **ആകെ** | **100 മാർക്ക്** |

ചോദ്യപേപ്പറിലെ എല്ലാ ചോദ്യങ്ങളും ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടതാണ്. ഉത്തരക്കടലാസിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക. ഉത്തരക്കടലാസിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഉത്തരക്കടലാസ് മാർച്ച് 7-ാം തിങ്കളാഴ്ച മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മാർ ജോസഫ് ഇരിമ്പൻ മെമ്മോറിയൽ ക്വിസ് 2010-11**

**അധ്യാപകരുടെ ക്വിസ്**

ജനുവരി 8-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ വെച്ച് മതാധ്യാപകർക്കായുള്ള മാർജോസഫ് ഇരിമ്പൻ മെമ്മോറിയൽ ക്വിസ് മത്സരം രൂപതാതലത്തിൽ നടന്നു. ഫൊറോന തലത്തിൽ വിജയികളായ 44 പേർ രൂപതാമത്സരത്തിൽ പങ്കെടുത്തു. ലോഗോസ് അവാർഡ്ഡേയോടനുബന്ധിച്ച് നടന്ന സമ്മാനദാന ചടങ്ങിൽ അഭിവന്ദ്യപിതാവ് ഫൊറോന രൂപതാ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഓഡിയോ വിഷ്വൽ ക്വിസ് മത്സരത്തിന് നേതൃത്വം നൽകിയ റവ. ഫാ. അരുൺ കലമറ്റത്തിന് ഹൃദ്യമായ നന്ദി.

| **രൂപതാതല വിജയികൾ** | ഇടവക | ഫൊറോന |
|---|---|---|
| 1. മേരിക്കുട്ടി ജോസഫ്, | | |
| റെജി ജോൺ | പൂഞ്ചോല | കാഞ്ഞിരപ്പുഴ ഫൊറോന |
| 2. ഷിജി ബെന്നി, | | |
| ആൻസിലാ മാണിക്രിസ്റ്റോ | അഗളി | താവളം ഫൊറോന |
| 3. ആനി ജോണി, | | |
| സിന്ധുസന്തോഷ് | പാലക്കുഴി | വടക്കഞ്ചേരി ഫൊറോന |

**സ്കോളർഷിപ്പ് പരീക്ഷ**

IV,VII,X,XII സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 13-ാതിയ്യതി ഞായറാണ്. സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 16-ാം തിയ്യതി ശനിയാഴ്ചായാണ്. (വിശദവിവരങ്ങൾക്ക് കലണ്ടറിന്റെ 43-ാം പേജ് കാണുക.)

**കയ്യെഴുത്ത് മാസിക വിജയികൾ**

കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗശക്തിയെ കണ്ടെത്താനും വളർത്തുവാനുമായി രൂപതാതലത്തിൽസംഘടിപ്പിച്ച കൈയ്യെഴുത്ത് മാസിക മത്സരം വൻ വിജയമായിരുന്നു. ഇതിനുവേണ്ടി അധ്വാനിച്ച ബഹു. വൈദി



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

കർക്കും പ്രധാനഅധ്യാപകർക്കും അധ്യാപകർക്കും കുട്ടികൾക്കും ഒത്തിരി നന്ദി. വിജയികളുടെ പേരു വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. കഞ്ചിക്കോട് സൺഡേ സ്കൂൾ | Mediatrix |
| 2. വടക്കഞ്ചേരി ഫൊറോന സൺഡേ സ്കൂൾ | യാനം |
| 3. താവളം ഫൊറോന സൺഡേസ്കൂൾ | സങ്കേതം |

**ഫൊറോന തല വിജയികൾ**

**കാഞ്ഞിരപ്പുഴ ഫൊറോന**

കാഞ്ഞിരപ്പുഴ ഫൊറോന സൺഡേസ്കൂൾ — ദർപ്പണം

**പൊന്നംകോട് ഫൊറോന**

ചുള്ളിയാം കുളം സൺഡേ സ്കൂൾ — എക്ലേസിയാ

**ഒലവക്കോട് ഫൊറോന**

മൈലം പുള്ളി സൺഡേസ്കൂൾ — ക്വഹാൽ

**ഒറ്റപ്പാലം ഫൊറോന**

ഒറ്റപ്പാലം ഫൊറോന സൺഡേസ്കൂൾ — ജ്വാല

**മംഗലംഡാം ഫൊറോന**

മംഗലം ഡാം ഫൊറോന സൺഡേസ്കൂൾ — എക്ലേസിയ

**കുടുകുമണി ക്വിസ് വിജയികൾ**

കുടുകുമണി മാസിക സംഘടിപ്പിച്ച മിഷൻ ക്വിസ് 2010-11 Coupon winner (ഒന്നാം സമ്മാനം) ആയി തിരഞ്ഞെടുക്കപ്പെട്ട **ഷാന്റിപൂക്കുന്നേൽ, ഇൻഫന്റ് ജീസസ് ചർച്ച്, ഉണ്ണിമല** ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ കരസ്ഥമാക്കി. ലോഗോസ് അവാർഡ് ഡേയോടനുബന്ധിച്ച മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഷാന്റിക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ

**രൂപതാതല വിജയികൾ**

| | |
|---|---|
| 1. മെൽഡ കല്ലുവെട്ടിക്കുഴി | ത്രിത്വമല |
| 2. ബോണി | ഇരുമ്പകച്ചോല |
| 3. അക്ഷയ് പുത്തൻപുരയ്ക്കൽ | ചിറ്റൂർ (അട്ടപ്പാടി) |

വിജയികൾക്കും അവരെ ഒരുക്കിയവർക്കും അഭിനന്ദനങ്ങൾ

**പ്രധാന അധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്തസമ്മേളനം**

സൺഡേ സ്കൂൾ പ്രധാന അധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്തസമ്മേളനം 2011 ജനുവരി 8-ാം തിയ്യതി രാവിലെ 10 മുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ നടന്നു. ആദ്യ സെക്ഷനിൽ ബഹു. ജോസ് പാലക്കലച്ചന്റെ Bible & media എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്ലാസ് നടന്നു. രണ്ടാം സെക്ഷനിൽ ലോഗോസ് അവാർഡ്ഡേയോടനുബന്ധിച്ച് നടന്ന മിറ്റിംഗിൽ അഭിവന്ദ്യ പിതാവ് പ്രധാന അധ്യാപകരെയും സെക്രട്ടറിമാരെയും അഭിസംബോധന ചെയ്ത് സംസാരിച്ചു. അധ്യാപകരുടെ ക്വിസ് മത്സരം, കൈയ്യെഴുത്ത് മാസിക തുടങ്ങിയവയുടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മതബോധന ഡയറക്ടർ ഫാ. മാത്യു





വാഴയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു. മിറ്റിംഗിനുശേഷം ഡയറക്ടറച്ചൻ പ്രധാന അധ്യാപകരെയും സെക്രട്ടറിമാരെയും കണ്ട് സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഏകദേശം 200 പേരോളം പങ്കെടുത്തു.

**2010-2011 മതബോധന പിരിവ്**

ഈ വർഷത്തെ വിശ്വാസ പരിശീലന പരിപാടികൾക്കായി ഇടവകകളിൽ നിന്നും ലഭിച്ച തുക താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | സെന്റ് സെബാസ്റ്റ്യൻ സൺഡേസ്കൂൾ ഇരുമ്പകച്ചോല | 500 |
| 2. | ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ പൂഞ്ചോല | 500 |
| 3. | സെന്റ് മേരീസ് സൺഡേ സ്കൂൾ കടപ്പാറ | 250 |
| 4. | ദി. മദർതെരേസ സൺഡേസ്കൂൾ കയറാടി | 250 |
| 5. | സെന്റ് പയസ് സൺഡേ സ്കൂൾ ഒലിപ്പാറ | 500 |
| 6. | സെന്റ് തെരേസ് ഓഫ് ആവില സൺഡേസ്കൂൾ ആനമൂളി | 100 |
| 7. | സെന്റ് ജോസഫ് സൺഡേ സ്കൂൾ മെഴുകുംപാറ | 250 |
| 8. | ക്രൈസ്റ്റ് കിംഗ് സൺഡേസ്കൂൾ നെന്മാറ | 500 |
| 9. | ഗുഡ് ഷെപ്പേർഡ് സൺഡേ സ്കൂൾ പോത്തുണ്ടി | 250 |
| 10 | സെന്റ് ജെയിംസ് 3 ഗ്രേറ്റ് സൺഡേ സ്കൂൾ ധോണി | 500 |
| 11. | സെന്റ് ജൂഡ് സൺഡേസ്കൂൾ മലമ്പുഴ | 500 |
| 12. | സെന്റ് മേരിസ് മരിയ നഗർ മലമ്പുഴ | 200 |
| 13. | സെന്റ് തോമസ് സൺഡേസ്കൂൽ മലമ്പുഴ സൗത്ത് | 100 |
| 14. | സെന്റ് മേരീസ് സൺഡേസ്കൂൾ മൈലംപുള്ളി | 500 |
| 15. | സെന്റ് അൽഫോൻസാ സൺഡേസ്കൂൾ മുണ്ടൂർ | 100 |
| 16. | സെന്റ് ഇഗ്നേഷ്യസ് സൺഡേസ്കൂൾ കൂനത്തറ | 500 |
| 17. | സെന്റ് പോൾ സൺഡേ സ്കൂൾ പട്ടാമ്പി | 500 |
| 18. | സെന്റ് മേരിസ് സൺഡേ സ്കൂൾ കല്ലേപ്പുള്ളി | 500 |
| 19. | ഹോളി ഫാമിലി സൺഡേസ്കൂൾ ചുള്ളിയംകുളം | 250 |
| 20. | സെന്റ് മേരിസ് സൺഡേസ്കൂൾ തത്തമംഗലം | 300 |
| 21. | ഹോളിട്രിനിറ്റി സൺഡേസ്കൂൾ താവളം | 1500 |
| 22. | ഫാത്തിമ മാതാ സൺഡേസ്കൂൾ അഗളി | 400 |
| 23. | സെന്റ് പീറ്റർ സൺഡേസ്കൂൾ ജെല്ലിപ്പാറ | 500 |
| 24. | സെന്റ് ജോസഫ് സൺഡേസ്കൂൾ കാരറ | 1000 |
| 25. | സെന്റ് സെബാസ്റ്റ്യൻ ചർച്ച് കുറുവം പാടി | 200 |
| 26. | സെന്റ് മേരീസ് സൺഡേ സ്കൂൾ പല്ലിയറ | 100 |
| 27. | സെന്റ് ജോർജ് സൺഡേ സ്കൂൾ പുലിയറ | 100 |
| 28. | ശാന്തി നാഥാ സൺഡേ സ്കൂൾ ശാന്തിതടം | 250 |
| 29. | ഇൻഫന്റ് ജീസസ് സൺഡേസ്കൂൾ ഉണ്ണിമല | 100 |
| 30. | സെന്റ് തെരേസ് ഓഫ് ലിസ്യൂ സൺഡേസ്കൂൾ ധോണികുണ്ട് | 100 |
| 31. | ലൂർദ് മാതാ സൺഡേ സ്കൂൾ വടക്കഞ്ചേരി | 5000 |
| 32. | സെന്റ് ജോസഫ് സൺഡേസ്കൂൾ കണ്ണമ്പ്ര | 200 |
| 33. | ഹോളി ക്രോസ് സൺഡേ സ്കൂൾ പാടൂർ | 250 |
| 34. | ക്രൈസ്റ്റ് കിംഗ് സൺഡേ സ്കൂൾ പനംകുറ്റി | 200 |
| 35. | ക്രൈസ്റ്റ് സൺഡേസ്കൂൾ തച്ചനടി | 150 |
| 36. | സെന്റ് ജോർജ് സൺഡേ സ്കൂൾ വാചനഗിരി | 350 |
| 37. | സെന്റ് ആന്റെണിസ് സൺഡേ സ്കൂൾ വാൽകുളമ്പ് | 200 |



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

**റഗുലർ സ്കൂൾ വാർഷിക പരീക്ഷ**

1 മുതൽ 9 വരെയുള്ള ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഫെബ്രുവരി 21-ാം തിയ്യതി തിങ്കളാഴ്ച നടക്കുന്നതായിരിക്കും.

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള( കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 7-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരിക്ഷാ ഏപ്രിൽ 4-ാം തിയ്യതി തിങ്കളാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു.

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തിക മാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 31 തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി മൂന്ന് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധന കേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

ക്യാമ്പുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും

സ്ഥലം : **പാലക്കാട് പാസ്റ്ററൽ സെന്റർ**

| | |
|---|---|
| **ഏപ്രിൽ 4-6** | മേലാർക്കോട്, മംഗലംഡാം, ഒലവക്കോട്, പാലക്കാട്, തത്തമംഗലം, വടക്കഞ്ചേരി. |
| **ഏപ്രിൽ 7-9** | കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, പൊന്നംകോട്, താവളം, ഒറ്റപ്പാലം. |

ആദ്യദിവസം വൈകുന്നേരം 5ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് സമാപന ദിവസം വൈകു. 3.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 100 രൂപയാണ് രജി. ഫീസ്.

**ക്രിസ്റ്റീൻ ധ്യാനം**

അവധിക്കാല ക്രിസ്റ്റീൻ ധ്യാനം 2011 ഏപ്രിൽ 25-ാം തിയ്യതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ആരംഭിച്ച് 29-ാം വെള്ളിയാഴ്ച രാവിലെ ധ്യാനം അവസാനിക്കും. പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ചാണ് ധ്യാനം നടത്തുന്നത്. രജി. ഫീസ് 300 രൂപയായിരിക്കും.

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, വിശ്വാസപരിശീലനവേദി





# Bible Apostolate

**ലോഗോസ് അവാർഡ് ഡേ**

ജനുവരി 8-ാം തിയ്യതി ലോഗോസ് അവാർഡ് ഡേ ആയി ആഘോഷിച്ചു. രാവിലെ 11 മണിക്ക് നടന്ന മീറ്റിംഗിൽ വച്ച് ലോഗോസ് 2010 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. രൂപതാ തലത്തിൽ 1 മുതൽ 5 വരെ റാങ്കുകൾ ലഭിച്ചവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാർക്കും സമ്മാനങ്ങൾ നൽകി. കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കും ഉള്ള ട്രോഫികൾ വിതരണം ചെയ്തു. A വിഭാഗത്തിൽ 60% ത്തിൽ കൂടുതൽ ലഭിച്ചവർക്കും B, C, D, E വിഭാഗങ്ങളിൽ 70%ത്തിൽ കൂടുതൽ ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകളും നൽകി. ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു വാഴയിൽ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോമിസ് കൊടകശേരി തുടങ്ങിയവർ പ്രസംഗിച്ചു. സഹകരിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി.

**ലോഗോസ് ക്വിസ് 2011**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 25-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 27-നും ആയിരിക്കും.

**പഠനഭാഗം**
പുറപ്പാട് 16-24
മത്തായി 15-28
പത്രോസ് എഴുതിയ ഒന്നാം ലേഖനം

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# തിരുബാലസഖ്യം

**തിരുബാലസഖ്യദിനം. ഫെബ്രുവരി 13 ഞായർ**

തിരുബാലസഖ്യദിനം എല്ലാവർഷവും ഫെബ്രുവരി മാസം രണ്ടാമത്തെ ഞായറാഴ്ചയാണ് ആചരിക്കുന്നത്. ഈ വർഷം ഫെബ്രുവരി 13-ാം തിയ്യതിയാണ് തിരുബാലസഖ്യദിനം. എല്ലാ യൂണിറ്റിലും തിരുബാലസഖ്യദിനം



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

സമുചിതമായി ആഘോഷിക്കേണ്ടതാണ്. അന്നേ ദിവസം വി.കുർബാന മദ്ധ്യേ തിരുബാലസഖ്യാംഗങ്ങളുടെ ഗാനശുശ്രൂഷ, ബൈബിൾ പാരായണം, കാഴ്ച്ചസമർപ്പണം എന്നിവയും സൺഡേ സ്കൂൾ കേന്ദ്രീകരിച്ച് തിരുബാലസഖ്യാംഗങ്ങളുടെ കലാപരിപാടികളും സംഘടിപ്പിക്കുന്നത് നല്ലതാണ്. ഇതിനോടനുന്ധിച്ചുള്ള പോസ്റ്ററുകൾ രൂപതാ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്. തിരുബാലസഖ്യദിനാചരണം മോടിയാക്കുവാൻ ബഹു.വികാരിയച്ചന്മാരുമായി ആലോചിച്ച് ബഹു.ആനിമേറ്റേഴ്സ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ? എല്ലാ കുഞ്ഞുങ്ങൾക്കും തിരുബാലസഖ്യദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**രൂപതാ കലോത്സവം- ഫെബ്രുവരി 12**

തിരുബാലസഖ്യത്തിന്റെ രൂപതാ കലോത്സവം നടത്തപ്പെടുന്നത് ഫെബ്രുവരി 12-ാം തിയ്യതി ശനിയാഴ്ച്ചയാണ്. ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപതാ തലത്തിൽ മത്സരിക്കാവുന്നതാണ്.

മത്സരങ്ങൾ ഫെബ്രുവരി 12-ാം തിയതി രാവിലെ 9.30 മണിക്ക് ആരംഭിക്കും. ആയതിനാൽ അന്നേദിവസം രാവിലെ 9 മണിക്ക് തന്നെ പാസ്റ്ററൽ സെന്ററിൽ എത്തി പേര് രജിസ്റ്റർ ചെയ്ത് നമ്പർ കൈപ്പറ്റേണ്ടതാണ്. ഉച്ചഭക്ഷണം ആവശ്യമുള്ളവർ കുട്ടികൾക്ക് 20 രൂപയും മുതിർന്നവർക്ക് 30 രൂപയും നൽകി ടോക്കൺ സ്വീകരിക്കേണ്ടതാണ് (ടോക്കൺ ഇല്ലാത്തവർക്ക് ഭക്ഷണം നൽകുന്നതല്ല.)

**തിരുബാലസഖ്യം കളക്ഷൻ**

തിരുബാലസഖ്യത്തിന്റെ പ്രധാന പ്രവർത്തനം സഹായിക്കുന്നതിലാണ്. കുഞ്ഞുങ്ങൾ സമാഹരിക്കുന്ന ഓരോ ചില്ലിക്കാശും സമാഹരിച്ച് തിരുബാലസഖ്യത്തിന്റെ രക്ഷാധികാരിയായ മാർപാപ്പായ്ക്ക് എല്ലാ വർഷവും അയച്ചുകൊടുക്കുന്ന പതിവുണ്ട്. അതിനാൽ ഈ വർഷം ഇടവകകളിൽ നാം സമാഹരിക്കുന്ന തുക മാർച്ച് മാസത്തിന് മുൻപായി രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ. പാവങ്ങളെ സഹായിക്കാനുള്ള ഒരു മനസ്സ് വളർത്തിയെടുക്കാൻ അതിലൂടെ കുഞ്ഞുങ്ങൾക്ക് സാധിക്കും.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം





# Family Apostolate

തത്തമംഗലം ഫൊറോന കുടുംബസമ്മേളന ജനറൽ ബോഡി 15-ാംതിയതി ശനിയാഴ്ച ഒന്നിച്ചുകൂടി. എല്ലാ ഇടവകകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങളായി ശ്രീമതി ഉഷാജോർജ് (തത്തമംഗലം), ശ്രീ. ടി. ലോറൻസ്(ചിറ്റൂർ), ശ്രീ. എം. എഫ്. ആന്റണി (കൊല്ലങ്കോട്), ശ്രീ. ഇ. എസ്. ജോസഫ് (കൊഴിഞ്ഞാമ്പാറ), ശ്രീമതി ഡോളി ഫ്രാൻസിസ് (മുച്ചൻകുണ്ട്), ശ്രീ. മത്തായി തോട്ടത്തിൽ (പരുത്തികാട്) എന്നിവരെയും ഫൊറോന കൺവീനറായി ശ്രീ. ആന്റണി താക്കോൽക്കാരനെയും (കൊടുവായൂർ) തിരഞ്ഞെടുത്തു.

**ഫെബ്രുവരി മാസത്തിലെ കുടുംബസമ്മേള ഫൊറോന ജനറൽബോഡി**

| | |
|---|---|
| ഫെബ്രുവരി.5. | പാലക്കാട് |
| ഫെബ്രുവരി.16 | വടക്കഞ്ചേരി |
| ഫെബ്രുവരി 19. | മേലാർക്കോട് |
| മാർച്ച് 2. | കാഞ്ഞിരപ്പുഴ. |

**പ്രീകാന (ഫെബ്രുവരി 7, 8, 9, 10)**

7-ാം തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് 10-ാം വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിക്ക് അവസാനിക്കും. വ്യാഴാഴ്ച 9.30 മുതൽ 12 മണിവരെ, പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന ക്ലാസിൽ നിർബന്ധമായും അവർ പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# കെ.സി.വൈ.എം.

**സംസ്ഥാന വാർഷിക സെനറ്റ്**

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ 33-ാം സംസ്ഥാന വാർഷിക സെനറ്റ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആതിഥേയത്തിൽ ജനുവരി 6, 7, 8, 9 തിയ്യതികളിൽ വെള്ളയമ്പലം ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. പ്രസ്തുത സെനറ്റിൽ പാലക്കാട് രൂപതയെ പ്രതിനിധീകരിച്ച് 9 പേർ പങ്കെടുത്തു. പങ്കെടുത്ത ഏവർക്കും നന്ദി.

**ജാഗോ യുവഭാരത്**

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച അന്തർദ്ദേശീയ യുവജനവർഷാചരണത്തിന്റെ ഭാഗമായി ഐ.സി.വൈ.എം സംഘടിപ്പിക്കുന്ന ദേശീയയാത്ര (കന്യാകുമാരിയിൽ നിന്നാരംഭിച്ച് കാശ്മീർവരെ - K2K)' 'ജാഗോ യുവഭാ



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

രത്" ജനുവരി 12ന് സ്വാമി വിവേകാനന്ദന്റെ ജന്മദിനത്തിൽ കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ നിന്ന് പ്രയാണം ആരംഭിച്ചു. യാത്രയുടെ രൂപതാതല സ്വീകരണം വള്ളിയോട് സെന്റ് മേരീസ് ITCയിൽ വച്ച് ജനുവരി 18 ന് നടന്നു. പ്രസ്തുത സ്വീകരണസമ്മേളനത്തിൽ കെ.സി.വൈ.എം രൂപതാ ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര ആമുഖ പ്രഭാഷണം നടത്തുകയും, ITC ഡയറക്ടർ ഫാ. ബെറ്റ്സൺ തൂക്കുപറമ്പിൽ യാത്രയ്ക്ക് ആശംസകളർപ്പിക്കുകയും ചെയ്തു. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. ജയ്സൺ കൊള്ളന്നൂർ, സി. എഡിൻബർഗ്, ഐ.സി.വൈ.എം പ്രസിഡന്റ് രവി റോണക്ക് റോബിൻ, ജനറൽ സെക്രട്ടറി ജോയ്സ് മേരി ആന്റണി, ജോമോൻ വെള്ളാപ്പിള്ളിൽ, രാകേഷ് സിങ്ങ് എന്നിവർ സംസാരിച്ചു. സ്വീകരണ ചടങ്ങുകളിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു. പങ്കെടുത്ത ഏവർക്കും കെ.സി.വൈ.എം രൂപതാസമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി....

**കെ.സി.വൈ.എം. രൂപത വാർഷിക സെനറ്റ്**

"വിശ്വാസയുവത്വം വികസിത രാഷ്ട്രം" എന്ന ആപ്തവാക്യത്തിലൂന്നി കഴിഞ്ഞ ഒരു വർഷക്കാലത്തെ കെ.സി.വൈ.എം. പാലക്കാട് രൂപതയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമായി ചേർന്ന വാർഷിക സെനറ്റ് സമ്മേളനത്തിന് പരിസമാപ്തിയായി. 2011 ജനുവരി 25, 26 തിയ്യതികളിൽ പാലക്കാട് രൂപത പാസ്റ്ററൽ സെന്ററിൽ ആരാധനയോടും ജപമാലയോടും കൂടി ആരംഭിച്ച സെനറ്റ് സമ്മേളനം മുൻ രൂപത പ്രസിഡന്റ് ജിന്റോ പി. ജോൺ ഉദ്ഘാടനം ചെയ്തു. പാലക്കാട് രൂപത പ്രസിഡന്റ് ജിനീഷ് കുളത്തിനാൽ അദ്ധ്യക്ഷനായ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര ആമുഖ പ്രഭാഷണം നടത്തി.

തുടർന്ന് നടന്ന സംഘടനാ ചർച്ചയിലും ഫൊറോന റിപ്പോർട്ടിങ്ങ് സെഷനിലും രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നുമായി 160 ഭാരവാഹികൾ പങ്കെടുത്തു. കെ.സി.വൈ.എം. പാലക്കാട് രൂപതയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസ്സാക്കിയ സെനറ്റ് സമ്മേളനത്തിൽ അടുത്ത പ്രവർത്തന വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ് - പ്രിൻസ് കെ.ജെ. (മണ്ണാർക്കാട് ഫൊറോന), വൈസ് പ്രസിഡന്റ് - ഡിനു ഡാനിയേൽ (വടക്കഞ്ചേരി ഫൊറോന), ഷാജിൽ കെ.എം. (വടക്കഞ്ചേരി ഫൊറോന), ജനറൽ സെക്രട്ടറി - ആന്റോ ടി. ഔസേഫ് (പാലക്കാട് ഫൊറോന), സെക്രട്ടറി - അനീഷ് എം. ജോസഫ് (കാഞ്ഞിരപ്പുഴ ഫൊറോന), ട്രഷറർ - ഷിജു കെ. ഫ്രാൻസിസ് (പാലക്കാട്) എന്നിവരാണ് പുതിയ ഭാരവാഹികൾ. 26-ാം തിയ്യതി ഉച്ചയ്ക്ക് കെ.സി.വൈ.എം. പതാക താഴ്ത്തിയതോടുകൂടി സെനറ്റ് സമ്മേളനം സമാപിച്ചു.





**മികച്ച ഫൊറോന യൂണിറ്റ്**

കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് താവളം ഫൊറോനയെ മികച്ച ഫൊറോനയായും, കാഞ്ഞിരപ്പുഴ യൂണിറ്റിനെ മികച്ച യൂണിറ്റായും, ഷിജു കെ. ഫ്രാൻസിസിനെ (കത്തീഡ്രൽ യൂണിറ്റ്) മികച്ച യുവജന പ്രവർത്തകനായും, സൗമ്യയെ (കുറുവമ്പാടി യൂണിറ്റ്) മികച്ച യുവജന പ്രവർത്തകയായും തെരഞ്ഞെടുത്തു.

**നന്ദിയോടെ...**

കഴിഞ്ഞ ഒരു വർഷക്കാലം സംഘടനയുടെ ഉയർച്ചക്കുവേണ്ടി കഴിവും ആശയവും സമയവും വിനിയോഗിച്ച രൂപതാ സെക്രട്ടറിയേറ്റിലെ പ്രസിഡന്റ് ജിനീഷ് കുളത്തിനാൽ, വൈസ് പ്രസിഡന്റുമാരായ ജോഷി മുതുകാട്ടിൽ, ഗീതു പാറക്കുന്നേൽ, ജനറൽ സെക്രട്ടറി സ്റ്റാർവിൻ ചൊവ്വല്ലൂർ, സെക്രട്ടറിമാരായ അനൂപ് മൈലംവേലിൽ, അൽഫോൻസാ ജോയ്, എബിൻ ജോസഫ്, ട്രഷററായ ഷിന്റോ കുര്യൻ എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി.

**അഭിനന്ദനങ്ങൾ...**

പുതിയ പ്രവർത്തന വർഷത്തിൽ സംഘടനയെ നയിക്കുവാൻ രൂപതാ സമിതിയിലേക്ക് കടന്നുവന്നിരിക്കുന്ന പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

# മാതൃസംഘം

**സ്വാഗതം**

2011, 2012 വർഷങ്ങളിലേയ്ക്കുള്ള രൂപതാഭാരവാഹികൾക്ക് സ്വാഗതം, ആശംസകൾ.

| | |
|---|---|
| **പ്രസിഡണ്ട്** | ശ്രീമതി ബിന്ദുസിറിയക്ക് വേലംകുന്നേൽ, കൈതച്ചിറ, മണ്ണാർക്കാട്, |
| **വൈസ് പ്രസി.** | ശ്രീമതി സെലിൻ വർഗീസ്, രാജഗിരി, വടക്കഞ്ചേരി |
| **സെക്രട്ടറി** | ശ്രീമതി ബീന ജോസഫ് ഒലവക്കോട്, ഒലവക്കോട് |
| **ജോ.സെക്രട്ടറി** | ശ്രീമതി എത്സമ്മ മാത്യു കണ്ണമ്പിള്ളി കൂനത്തറ, ഒറ്റപ്പാലം |
| **ട്രഷറർ** | ശ്രീമതി റോസി ഷോംബി കഞ്ചിക്കോട്,പാലക്കാട് |

**എക്സിക്യൂട്ടീവ് അംഗങ്ങൾ:** പൊന്നംകോട് ഫൊറോന, ശ്രീമതി നിർമ്മല അബ്രഹാം കരിമ്പ, കാഞ്ഞിരപ്പുഴ ഫൊറോന, ശ്രീമതി ലൈസ ജോസ്, കാഞ്ഞിരപ്പുഴഡാം, താവളം ഫൊറോന, ശ്രീമതി അനിത സാബു, കുറവംപാടി, മേലാർക്കോട് ഫൊറോന, ശ്രീമതി മോളി വിൻസി ആലത്തൂർ, മംഗ



Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

ലംഡാം ഫൊറോന, ശ്രീമതി കെ.സി സ്കറിയ കടപ്പാറ തത്തമംഗലം.

**ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ്**

2011 ഫെബ്രുവരി 12 ന് എല്ലാ ഫൊറോനകളിലും ഫൊറോന എക്സികൂട്ടീവ് കൂടുക, ഫൊറോന ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ തിരഞ്ഞെടുത്ത് ലിസ്റ്റ് രൂപതയിൽ എത്തിക്കുക.

**രൂപതാതല ജനറൽ ബോഡി & കർമ്മപദ്ധതി പ്രകാശനം**

2011 ഫെബ്രുവരി 15 ന് പാലക്കാട് രൂപതാ മാതൃസംഘം ജനറൽബോഡി മീറ്റിംഗും 2011 പ്രവർത്തന വർഷമാർഗ്ഗരേഖ പ്രകാശനവും പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്നു. ഫൊറോനയിലേയുംയൂണിറ്റുകളിലേയും ഭാരവാഹികൾ പങ്കെടുക്കുക. രാവിലെ 10 മണിക്ക് ആരംഭിച്ച് 2 മണിക്ക് അവസാനിക്കും. മാതൃസംഘം ആനിമേറ്ററന്മാരും പങ്കെടുക്കണം.

**മാതൃസംഘം ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ്**

2011 ഫെബ്രുവരി 16 ന് രാവിലെ 10.30 ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തുന്നു. എല്ലാ ഫൊറോന ഡയറക്ടർ അച്ചന്മാരും ഫൊറോന ആനിമേറ്ററന്മാരും പങ്കെടുക്കുമല്ലോ. മാതൃസംഘം പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചർച്ചകളിൽ ക്രിയാത്മകമായി പങ്കെടുക്കുകയും ചെയ്യുമല്ലോ.

**മാതൃസംഘം സംസ്ഥാനഘടക രൂപീകരണം**

2011 ജനുവരി 25 ന് കലൂർ റിന്യൂവൽ സെന്ററിൽവച്ച് കേരളത്തിലെ എല്ലാ രൂപതകളിലേയും വനിതാ സംഘടനകളുടെ ഭാരവാഹികളുടെ മീറ്റിംഗ് നടന്നു. നമ്മുടെ രൂപതയിൽ നിന്ന് 5 പേർ പങ്കെടുത്തു. പുതിയ ഭാരവാഹികൾക്ക് ഇതൊരു പുത്തൻ അനുഭവമായിരുന്നു.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

**2011 ഫെബ്രുവരി 6 മുതൽ 11 വരെ, 20 മുതൽ 25 വരെ**

എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് അവസാനിക്കുന്നു.

**ഫാ. ജോർജ്ജ് കുന്നേൽ**
ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം





# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ഫെബ്രു. | 6-11 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഫെബ്രു. | 20-25 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രു. 27 | മാർച്ച് 04 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ഫെബ്രുവരി 06 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ഫെബ്രുവരി 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

# സി.എം.എൽ.

2011 ഫെബ്രുവരി : ഉണർന്നിരുന്ന് പ്രാർത്ഥിക്കുക.

| | | |
|---|---|---|
| 7 തിങ്കൾ | : | തിരുബാലസഖ്യദിനം |
| 12 ശനി | : | രൂപതാ തലത്തിൽ പരീക്ഷ ഒരുക്കധ്യാനം |
| 13 ഞായർ | : | മിഷൻ ലീഗ് അംഗങ്ങൾ ശാഖകളിൽ ഒന്നിച്ചുകൂടി പരീക്ഷക്ക് തയ്യാറെടുക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക. |

പ്രാർത്ഥനാ നിയോഗം : എസ്.എസ്.എൽ.സി., പ്ലസ്ടു വിദ്യാർത്ഥികൾക്കു വേണ്ടി.

സുകൃതജപം : ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിന് കൂട്ടായിരിക്കേണമെ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി. എം. എൽ.

# പി.എസ്.എസ്.പി.

**ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ്ഫെഡിന്റെ ഫെബ്രുവരി മാസത്തെ മീറ്റിംഗ് 2-2-11 ന് ബുധനാഴ്ച കാലത്ത് 11 മണിക്ക് PSSP യിൽ വച്ചു നടത്തപ്പെടുന്നു.

**ബ്ലോക്കുഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 3-2-11 | വ്യാഴം | ചിറ്റൂർ | പെരുമാട്ടി | 11.00 am |
| 7-2-11 | തിങ്കൾ | ആലത്തൂർ | FCC വടക്കുംഞ്ചേരി | 11.00 am |
| 9-2-11 | ബുധൻ | മണ്ണാർക്കാട് | | 11.00 am |
| 10-2-11 | വ്യാഴം | ശ്രീകൃഷ്ണപുരം | ആലങ്ങാട് | 11.00 am |
| 11-2-11 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.00 pm |
| 14-2-11 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽസെന്റർ | 11.00 am |
| 16-2-11 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11.00 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15-2-11 | ചൊവ്വ | സാൻജോ ടവ്വർ | 10.00 to3.00 pm |
| 16-2-11 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11.00am to 2.00 pm |
| 17-2-11 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11.00am to 2.00pm |

**LIC മൈക്രോ ഇൻഷുറൻസ്**

സാധാരണക്കാർക്ക് ദീർഘകാല വീക്ഷണത്തോടെ ഒരു സമ്പാദ്യം





മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) എൽ.ഐ.സി മൈക്രോ ഇൻഷുറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തികൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും, ഏജന്റായി ജോലി ചെയ്യുവാനാഗ്രഹിക്കുന്നവരും പി.എസ്.എസ്.പി ഓഫീസുമായി നേരിൽ ബന്ധപ്പെടേണ്ടതാണ്.

**വിവിധ തൊഴിൽ പരിശീലനങ്ങൾ**

**നിത്യോപയോഗ സാധനങ്ങളുടെ ഉല്പാദനവും വിപണവും**

സോപ്പുകൾ, സോപ്പ് ഉല്പന്നങ്ങൾ, ഫിനോയിൽ, ഹാർപ്പിക്, ചന്ദനത്തിരി. പെയിൻ ബാം തുള്ളിനീലം എന്നിങ്ങനെ 12 തരം ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണന സാദ്ധ്യതകളും എന്ന വിഷയത്തിൽ 40 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വന്ന് 2 ദിവസത്തെ പരിശീലനം നൽകുന്നു.

**കുടനിർമ്മാണം**

2 ഫോൾഡ്, 3 ഫോൾഡ് കുടകളുടെ നിർമ്മാണം 20 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വന്ന് ഒരു ദിവസം കൊണ്ടു പരിശീലിപ്പിക്കുന്നു. വിവരങ്ങൾക്ക് പി എസ് എസ് പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**വനിതാ ദിനാഘോഷം.**

ഈ വർഷത്തെ ലോക വനിതാദിനാഘോഷത്തിന്റെ ഭാഗമായി മാർച്ച് 5-ാം തിയതി ശനിയാഴ്ച വനിതാദിനം കേരളാ സോഷ്യൽ സർവ്വീസ് ഫോറവുമായി ചേർന്ന് പി എസ് എസ് വിവിധ പരിപാടികളോടെ പാലക്കാട്ടു വച്ചു നടത്തപ്പെടുന്നു. (സാംസ്ക്കാരിക സമ്മേളനം, ഘോഷയാത്ര, കലാപരിപാടികൾ) രാഷ്ട്രീയ-കലാ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്നു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കളുടെ രൂപതാതല വാർഷിക സമ്മേളനം 4.02.2011 വെള്ളി രാവിലെ 10.00 മണി മുതൽ 3.30 വരെ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയിൽ വച്ച് നടത്തപ്പെടുന്നു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം ബഹു. പാലക്കാട് എം.പി. ശ്രീ. എം. ബി. രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.

എല്ലാ അച്ചന്മാരെയും സിസ്റ്റേഴ്സിനെയും ഏറ്റവും സ്നേഹത്തോടെ ഇതിലേക്ക് ക്ഷണിക്കുന്നു. ലോക്കൽ സ്പോൺസേഴ്സ് ഇതിൽ നിർബന്ധമായും പങ്കെടുക്കണം. രാവിലെ 10 മണിക്ക് രജിസ്ട്രേഷൻ തുടർന്ന് പൊതുസമ്മേളനം, അനുഭവങ്ങൾ പങ്കുവെയ്ക്കൽ, കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil

# നവീകരണ മുന്നേറ്റം

**ജാഗരണപ്രാർത്ഥന**

ഫെബ്രുവരി 25-ാം തിയതി വെള്ളിയാഴ്ച രാത്രി 7 മണി മുതൽ പിറ്റെ ദിവസം രാവിലെ 5 മണി വരെ കത്തീഡ്രൽ പള്ളിയിൽ വച്ച് ജാഗരണ പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. അന്നുതന്നെ രാവിലെ 9.30 മുതൽ ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# From the Bishop's Diary

**2010 ഡിസംബർ**

25 – ക്രിസ്തുമസ് രാത്രിയിൽ പാലക്കാട് കത്തീഡ്രലിൽ പിറവി കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

26 – കോടംതുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

27 – വടക്കഞ്ചേരി ദൈവദാൻ സെന്ററിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

29 – പാലക്കുഴി സെന്റ് തോമസ് ദൈവാലയത്തിൽ ഡീക്കൻ ജേക്കബ് പൂവ്വത്താനിക്കുന്നേലിന് വൈദികപട്ടം നൽകി.

– വചനഗിരി എസ്റ്റേറ്റും വാൽക്കുളമ്പ് സെന്റ് ആന്റണീസ് ചർച്ചും ആരോഗ്യപുരം സെന്റ് മേരീസ് ചർച്ചും സന്ദർശിച്ചു.

31 – ഉണ്ണിമല ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച പള്ളിമുറി വെഞ്ചരിച്ചു.

– പുലിയറ സെന്റ് ജോർജ്ജ് ഇടവകദൈവാലയം സന്ദർശിച്ചു.

**2011 ജനുവരി**

1 – അഗളി കോട്ടത്തറയിൽ ദൈവാലയ നിർമ്മാണത്തിനായി വാങ്ങിയ സ്ഥലം സന്ദർശിച്ചു.

– തിരുവിഴാംകുന്ന് സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ ഡീക്കൻ ജോബി കൊച്ചുമുട്ടത്ത് സി.എം.ഐക്ക് വൈദികപട്ടം നൽകി.





– കൊടുവായൂർ സെന്റ് തോമസ് ഇടവകദിനത്തോടനുബന്ധിച്ച് പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.

3 – മൂക്കന്നൂർ സി.എസ്.റ്റി. ജനറലേറ്റിൽ ബ്ര. അൽഫോൻസ് സി.എസ്.റ്റിയുടെ മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

4 – തൃശ്ശൂർ ജൂബിലിമിഷൻ മെഡിക്കൽ കോളേജിൽ പുതുതായി ആരംഭിച്ച ഹൃദ്രോഗ വിഭാഗമായ "ഹൃദയാലയ"യുടെ ഉദ്ഘാടന സമ്മേളനത്തിൽ ആശംസാപ്രസംഗം നടത്തി.

5. – മുണ്ടൂർ യുവക്ഷേത്രയിൽ പ്രീ കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

6 – പോത്തന്നൂരിൽ രാമനാഥപുരം രൂപതയുടെ മൈനർ സെമിനാരിക്ക് ശിലാസ്ഥാപനകർമ്മം നടത്തി.

– മരുതുമല സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

8 – പാസ്റ്ററൽ സെന്ററിൽ ലോഗോസ് ക്വിസിന് സമ്മാനാർഹരായവർക്ക് അവാർഡുകൾ വിതരണം ചെയ്തു.

9 – ചാവടി എട്ടിമടയിൽ എയ്ഡ്സ് രോഗികൾക്കായുള്ള സ്നേഹാലയം സന്ദർശിച്ചു.

10-14 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. സിനഡിൽ സംബന്ധിച്ചു.

17-20 അരമനയിൽ വൈദികരുടെ ബാച്ച് തിരിച്ചുള്ള സമ്മേളനം നടത്തി.

18 – പാലക്കാട് എഫ്.സി.സി. പ്രൊവിൻസിലെ സി. ഫ്ളോറൻസാമ്മയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് മംഗലംഡാമിൽ കാർമ്മികത്വം വഹിച്ചു.

23 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു.

– സെന്റ് റാഫേൽസ് സ്കൂളിന്റെ പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ചു.

– ആരോഗ്യപുരം സെന്റ് മേരീസ് ദൈവാലയം സന്ദർശിച്ചു.

25 – അരമനയിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

26 – ആരോഗ്യപുരം സെന്റ് മേരീസ് ദൈവാലയം കൂദാശചെയ്തു. വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Edition: Fr. Shyju Naduvathaniyil